"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൊല്ലം ജില്ലയിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന ഓടനാവട്ടം കെ.ആർ.ജി.പി.എം. ഹൈസ്കൂൾ പ്രഥമാധ്യാപകൻ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2885/2026/GEDN തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. സ.ഉ (കൈ) നം.54/2024/പൊ.വി.വ തീയതി, 01.06.2024
2. ഓടനാവട്ടം കെ.ആർ.ജി.പി.എം. ഹൈസ്കൂൾ പ്രഥമാധ്യാപകൻ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10.07.2025-ലെ DEOKTR/2503/2024-B3 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.07.2025-ലെ S.C(1)/22521/2024/DGE നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന ഓടനാവട്ടം കെ.ആർ.ജി.പി.എം. ഹൈസ്കൂൾ പ്രഥമാധ്യാപകൻ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 11.07.2025 തീയതിയിൽ വാദം കേട്ടു. പ്രഥമാധ്യാപകന്റെയും സ്കൂൾ മാനേജരുടെയും വാദം പൊതുവിൽ താഴെപ്പറയും പ്രകാരമായിരുന്നു :

1. 2024-25 വർഷം ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷന്റെ കാര്യാലയത്തിലെ സൂപ്പർ ചെക്ക് ആഫീസർ 13-11-2024, 19-12-2024 എന്നീ തീയതികളിൽ കെ.ആർ.ജി. പി.എം.വി. & എച്ച്.എസ്.എസിൽ ആകസ്മിക പരിശോധന നടത്തി. 13-11-2014 ലെ വിസിറ്റ് ദിവസം 40 കുട്ടികളും 19-12-2024 ലെ വിസിറ്റിൽ 11 വിദ്യാർത്ഥികളും ഹാജരില്ലായിരുന്നു. രണ്ടു ദിവസങ്ങളിലും

പൊതുവായി 4 കുട്ടികൾ മാത്രം ഹാജരില്ലായിരുന്നു. കൂടാതെ 6 പ്രവർത്തി ദിവസത്തിനു ശേഷം 14 കുട്ടികൾക്ക് റ്റി.സി. നല്കിയിട്ടുണ്ടായിരുന്നു. റ്റി.സി. നല്കിയ 14 കുട്ടികളിൽ 5,6,7 സ്റ്റാൻഡേർഡുകളിൽ ഓരോ കുട്ടിയും സ്റ്റാൻഡേർഡ് 8 ൽ 8 കുട്ടികളും സ്റ്റാൻഡേർഡ് 9 ൽ 3 കുട്ടികളും ഉൾപ്പെടുന്നു. സ്റ്റാൻഡേർഡ് 8 ഒഴികെ മറ്റ് ക്ലാസുകളിൽ പൊതുവായി രണ്ടു ദിവസവും ഹാജരില്ലാതിരുന്ന കുട്ടികളെയും റ്റി.സി. നല്കിയ കുട്ടികളെയും കുറച്ചാലും തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ച ഡിവിഷനുകൾ നിലനിർത്താമെന്നുള്ളതിനാൽ 15-07-2024 മുതൽ അനുവദിച്ചിട്ടുള്ള ഡിവിഷനുകളെ ബാധിക്കുന്നില്ല. എന്നാൽ സ്റ്റാൻഡേർഡ് VIII ലെ രണ്ടു ദിവസത്തെ വിസിറ്റിലും പൊതുവായി ഹാജരില്ലാതിരുന്ന ഒരു കുട്ടിയേയും റ്റി.സി. നല്കിയ 7 കുട്ടികളെയും കുറവു വരുത്തി ഒരു ഡിവിഷനും എച്ച്.എസ്.റ്റി. (എൻ.എസ്.) തസ്തിക കുറവു വരുത്തിയും എച്ച്.എസ്.റ്റി. ഹിന്ദി തസ്തിക എൽ.ജി.ഹിന്ദിയായി ക്രമീകരിച്ചും ഉത്തരവായി. സൂപ്പർ ചെക്ക് ആഫീസറുടെ വിസിറ്റിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ തീരുമാനം എടുക്കുന്നതിന് മുമ്പ് 2024-25 വർഷത്തെ തസ്തിക നിർണ്ണയം പുനർ നിർണ്ണയിച്ച് ഒരു എച്ച്.എസ്.റ്റി. (എൻ.എസ്.) തസ്തികയും എച്ച്.എസ്.റ്റി. ഹിന്ദി തസ്തികയും ഹൈസ്കൂൾ വിഭാഗത്തിലെ സംഗീതാദ്ധ്യാപക തസ്തികയും അബോളിഷ് ചെയ്ത് പ്രസ്തുത തസ്തികകളിൽ തുടർന്നിരുന്നവരെ പുനർവിന്യസിച്ചു. ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ ഹിയറിംഗ് നടത്തിയ സമയത്ത് സമർപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പുനർ വിന്യസിച്ചിരിക്കുന്ന ഹിന്ദി അദ്ധ്യാപികയെ തിരികെ വിളിച്ച് ജൂനിയർ ഹിന്ദി അദ്ധ്യാപികയായി നിലനിർത്താവുന്നതും സംഗീതാദ്ധ്യാപികയെ മ്യൂസിക് തസ്തിക കുറവു ചെയ്യാത്തതിനാൽ മാതൃസ്കൂളിലേക്ക് തിരികെ വിളിക്കാവുന്നതാണ്.

ചുവടെ ചേർക്കുന്ന കാരണങ്ങളാൽ 2024-25 വർഷം സ്റ്റാൻഡേർഡ് VIII ലെ നാലാമത്തെ ഡിവിഷൻ നിലനിർത്തി തസ്തിക നിർണ്ണയ ഉത്തരവിൽ അനുവദിച്ച എല്ലാ ഡിവിഷനുകളും തസ്തികകളും നിലനിർത്താവുന്നതാണ്.

രണ്ടു ദിവസത്തെ പരിശോധനയിലും ഹാജരാകാതിരുന്ന സ്റ്റാൻഡേർഡ് VIII ലെ സൂരജ് എന്ന കുട്ടി സ്റ്റാൻഡേർഡ് 5 മുതൽ ഇതേ സ്കൂളിൽ പഠനം തുടർന്നു വന്നതും റഗുലറായി സ്കൂളിൽ ഹാജരാകുന്ന വിദ്യാർത്ഥിയുമാണ്. സൂപ്പർ ചെക്ക് വെരിഫിക്കേഷനുശേഷവും റഗുലറായി സ്കൂളിൽ ഹാജരായിരുന്നു. ടി വിദ്യാർത്ഥിയുടെ അച്ഛൻ്റെ മരണത്തെ തുടർന്ന് കുടുംബം വർക്കലയിലേക്ക് താമസം മാറ്റിയതിനാൽ സ്റ്റാൻഡേർഡ് 8 ലെ സൂരജും അതേ വിദ്യാർത്ഥിയുടെ സഹോദരി സ്റ്റാൻഡേർഡ് IX ലെ സൂര്യയും പനയറ എസ്.എൻ.വി. ഹയർ സെക്കണ്ടറി സ്കൂളിലേക്ക് 20-01-

2025 ൽ റ്റി.സി. വാങ്ങിപോയി. ഈ രണ്ടു കുട്ടികളും ഇപ്പോൾ പനയറ എസ്.എൻ.വി. ഹയർ സെക്കണ്ടറി സ്കൂളിൽ പഠനം തുടരുന്നു. അല്ലാതെ പൊതു വിദ്യാഭ്യാസ ഡയറക്ടർ ആരോപിക്കുന്നതു പോലെ സൂരജ് ബോഗസ് കുട്ടിയല്ല.

താഴെ പറയുന്ന കുട്ടികളാണ് റ്റി.സി. വാങ്ങി പോയത്.

1. കീർത്തന.എ.ആർ അഡ്മിഷൻ നമ്പർ 14371 UID NO. 544128508268

രക്ഷാകർത്താക്കൾ താമസം മാറിയതിനാൽ 12-06-2024 ൽ തൃക്കണ്ണമംങ്ങൽ ഹൈസ്കൂളിലേക്ക് റ്റി.സി. ആവശ്യപ്പെട്ടതിനാൽ പ്രഥമാദ്ധ്യാപകൻ എന്ന നിലയിൽ റ്റി.സി നല്കി. നിലവിൽ തക്കണ്ണമങ്ങൽ സ്കൂളിൽ പഠനം തുടരുന്നു. ഓടനാവട്ടം കെ.ആർ.ജി.പി. എം.എച്ച്.എസ്. സ്കൂളിലെ 12-06-2024 ലെ റ്റി.സി. യുമായി എസ്.കെ.വി.എച്ച്.എസ്- ൽ ചേർന്നതെന്ന തൃക്കണ്ണമങ്ങൽ സ്കൂളിലെ പ്രഥമാദ്ധ്യാപികയുടെ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

2. മീനാക്ഷി അജയ് അഡ്മിഷൻ നമ്പർ 14372 UID NO. 867684049072

രക്ഷാകർത്താവ് താമസം മാറിയതിനാൽ 12-06-2024 തീയതി തൃക്കണ്ണമങ്ങൽ സ്കൂളിലേക്ക് റ്റി.സി. ആവശ്യപ്പെട്ടതിനാൽ പ്രഥമാദ്ധ്യാപകൻ റ്റി.സി. നല്കി. നിലവിൽ തൃക്കണ്ണമങ്ങൽ സ്കൂളിൽ പഠനം തുടരുന്നു. ഓടനാവട്ടം കെ.ആർ.ജി.പി.എം. എച്ച്.എസ്. എസ് ലെ റ്റി.സി. യുമായാണ് തൃക്കണമങ്ങൽ സ്കൂളിൽ ചേർന്നതെന്ന തൃക്കണമങ്ങൽ സ്കൂളിലെപ്രഥമാദ്ധ്യാപികയുടെ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

3. ആദിത്യൻ വി അഡ്മിഷൻ നമ്പർ 14052 UID No333342650330.

രക്ഷാകർത്താക്കൾ താമസം മാറിയതിനാൽ 12-06-2024 ൽ തൃക്കണമങ്ങൽ സ്കൂളിലേക്ക് റ്റി.സി. ആവശ്യപ്പെട്ടതിനെ തുടർന്നാണ് പ്രഥമാദ്ധ്യാപകൻ റ്റി.സി. നല്കിയത് നിലവിൽ തക്കണമങ്ങൽ സ്കൂളിൽ പഠനം തുടരുന്നു. ഓടനാവട്ടം കെ.ആർ.ജി. പി.എം.എച്ച്.എസ് ലെ റ്റി.സി. യുമാണ് തൃക്കണമങ്ങൽ സ്കൂളിൽ ചേർന്നതെന്ന തൃക്കണമങ്ങൽ സ്കൂളിലെ പ്രഥമാദ്ധ്യാപികയുടെ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

4. അഹ്സാന റഷീദ് അഡ്മിമിഷൻ നമ്പർ 14423 UID No. 878581713961

രക്ഷാകർത്താക്കൾ താമസം മാറിയതിനാൽ 14-06-2024 തീയതി അർക്കന്നൂർ വി.എച്ച്.എസ്.എസിലേക്ക് റ്റി.സി. ആവശ്യപ്പെട്ടതിനാൽ പ്രഥമാദ്ധ്യാപകൻ റ്റി.സി. നല്കി. അഹ്സാന റഷീദ് നിലവിൽ അർക്കന്നൂർ വി.എച്ച്.എസ്.എസിൽ പഠനം തുടരുന്നു. ഓടനാവട്ടം

കെ.ആർ.ജി.പി.എം.എച്ച്.എസ്.എസിലെ റ്റി.സി.യുമായിട്ടാണ് അഹസാന റഷീദ് അർക്കന്നൂർ സ്കൂളിൽ അഡമിഷൻ സ്കൂളിലെ പ്രഥമാദ്ധ്യാപികയുടെ റിപ്പോർട്ട് നല്കിയതെന്ന അർക്കന്നൂർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

5. വിനായക പി.ജെ അഡ്മിഷൻ നമ്പർ 14080 UID No. 693377123934

രക്ഷാകർത്താക്കൾ താമസം മാറിയതിനെ തുടർന്ന് 15-06-2024 തീയതി തിരുവനന്തപുരം തിരുമല എ.എം.എച്ച്.എസ്.എസിലേക്ക് റ്റി.സി. ആവശ്യപ്പെട്ടപ്രകാരം പ്രഥമാദ്ധ്യാപകൻ റ്റി.സി. നല്കി. നിലവിൽ വിനായക പി.ജെ തിരുമല എ.എം.എച്ച്.എസ്.എസിൽ പഠനം തുടരുന്നു. ഇതു സംബന്ധിച്ച് വിനായകിൻ്റെ പിതാവ് നല്കിയ കത്ത് ഹാജരാക്കിയിട്ടുണ്ട്.

6. ലക്ഷ്മി.ജെ.പി. വിനായകിൻ്റെ സഹോദരിയാണ് ലക്ഷ്മി.ജെ.പി. വിനായകിന് എ.എം.എച്ച്.എസ് തിരുമലയിൽ ചേർത്തതിനെ തുടർന്ന് കുടുംബം താമസം മാറിയതിനാൽ ലക്ഷ്മി.ജെപി. ക്കും റ്റി.സി ആവശ്യപ്പെട്ട് റ്റി.സി. നല്കി. ലക്ഷ്മി. ജെ.പി. യേയും തിരുമല എ.എം.എച്ച്.എസിൽ അഡമിറ്റ് ചെയ്തു. ഇതു സംബന്ധിച്ച് ലക്ഷ്മിയുടെ പിതാവിൻ്റെ കത്ത് ഹാജരാക്കിയിട്ടുണ്ട്.

6. ശ്രീഹരി.എസ് അഡ്മിഷൻ നമ്പർ 14438 UID No. 227995616514 രക്ഷാകർത്താക്കൾ താമസം മാറിയതിനാൽ 09-07-2024 തീയതി കടയ്ക്കോട് കെ.എൻ.എസ്.സെൻട്രൽ സ്കൂളിലേക്ക് റ്റി.സി. ആവശ്യപ്പെട്ട പ്രകാരം പ്രഥമാദ്ധ്യാപകൻ റ്റി.സി. നല്കി. നിലവിൽ കടയ്ക്കോട് കെ.എൻ.എസ്. സെൻട്രൽ സ്കൂളിൽ പഠനം തുടരുന്നു. അൺ എയ്ഡഡ് സ്കൂളായതിനാൽ അവിടെ നിന്നും എച്ച്.എം.ന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

7 ജാബിറ.ജെ UID No. 225948852125 അഡമിഷൻ നമ്പർ 14445 രക്ഷാകർത്താവ് താമസം മാറിയതിനാൽ റ്റി.സി. ആവശ്യപ്പെട്ടതനുസരിച്ച് 11-11-2024 തീയതി വി.എച്ച്.എസ്എസ്. അർക്കന്നൂരിലേക്ക് പ്രഥമാദ്ധ്യാപകൻ റ്റി.സി. നല്കി. നിലവിൽ ജാബിറ.ജെ അർക്കന്നൂർ സ്കൂളിൽ പഠനം തുടരുന്നു. ഓടനാവട്ടം കെ.ആർ.ജി.പി.എം.എച്ച്. എസ് ലെ റ്റി.സിയപമായിട്ടാണ് അർക്കന്നൂർ സ്കൂളിൽ അഡ്മിഷൻ എടുത്തതെന്നെ അർക്കന്നൂർ സ്കൂളിലെ പ്രഥമാദ്ധ്യാപികയുടെ റിപ്പോർട്ട് ഹാജരാക്കുന്നു. അഹാസാന റഷീദും ജാബിറയും ഓടനാവട്ടം സ്കൂളിലെ റ്റി.സി. യുമാണ് സ്കൂളിൽ ചേർന്നതെന്ന അർക്കന്നൂർ സ്കൂളിലെ പ്രഥമാദ്ധ്യാപികയുടെ റിപ്പോർട്ട് ഹാജരാക്കുന്നു.

ആറാം പ്രവർത്തി ദിവസത്തിനു ശേഷം 8 കുട്ടികൾക്ക് രക്ഷാകർത്താവ് ആവശ്യപ്പെട്ട പ്രകാരം റ്റി.സി. നല്കി. അതേ പോലെ ആറാം പ്രവർത്തി ദിവസത്തിനുശേഷം ചുവടെ ചേർക്കുന്ന 3 കുട്ടികൾ സ്റ്റാൻഡേർഡ് VIII ൽ വന്നു ചേർന്നു.

1. അശ്വിൻ.എസ്. അഡ്മിഷൻ നമ്പർ 14447 UID No. 256027682702 13-06-2024 ൽ എസ്.കെ.വി.എച്ച്.എസി തൃക്കണ്ണമംങ്ങൽ സ്കൂളിൽ നിന്നുമാണ് വന്ന് ചേർന്നത്.

2. അഭിനന്ദ്. എ.എസ് അഡ്മിഷൻ നമ്പർ 14451 UID No. 264203790052 ഷൊർണ്ണൂർ വാടാനകുർശിയിൽ നിന്നുമാണ് സ്റ്റാൻഡേർഡ് 8 ൽ വന്നു ചേർന്നത്.

3. അഭിമന്യു എം. അഡ്മിഷൻ നമ്പർ 14446 UID No. 619916116247 12-06-2024 തീയതി തൃക്കണമങ്ങൽ സ്കൂളിൽ നിന്നുമാണ് സ്റ്റാൻഡേർഡ് 8 ൽ വന്നു ചേർന്നത്.

ഓടനാവട്ടം കെ.ആർ.ജി.പി.എം.വി. & എച്ച്.എസ്.എസ് ന്‍്റെ ഹൈസ്കൂൾ വിഭാഗത്തിൽ 10 ഡിവിഷനുകളും അനുബന്ധ തസ്തികകളും നിലനിന്നു വരുന്നതാണ്. പുതിയ നിയമനം നടത്തുന്നതിന് വേണ്ടിയോ അല്ലെങ്കിൽ സംരക്ഷണത്തിനർഹതയില്ലാത്ത അദ്ധ്യാപകരെ നിലനിർത്തുന്നതിനുവേണ്ടിയോ ഒരു കുട്ടിയെ പോലും ബോഗസായി നിലനിർത്തിയിട്ടില്ല. സ്റ്റാൻഡേർഡ് VIII ലെ ഒരു ഡിവിഷൻ അബോളിഷ് ചെയ്താലും തസ്തികയില്ലാതെ പുറത്താകുന്ന എച്ച്.എസ്.റ്റി. (എൻ.എസ്.) ഉം എച്ച്.എസ്.റ്റി. (ഹിന്ദി) അദ്ധ്യാപികയും സംരക്ഷണത്തിനർഹതയുള്ളവരാണ്. നഷ്ടപ്പെട്ട രണ്ടാമത്തെ എച്ച്.എസ്.റ്റി. ഹിന്ദി അദ്ധ്യാപികയെ ജൂനിയർ ഹിന്ദിയായി ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ തന്നെ നിലനിർത്തിയിട്ടുണ്ട്. സ്റ്റാൻഡേർഡ് VIII ൽ ഒരു ഡിവിഷൻ അബോളിഷ് ചെയ്താലും സ്റ്റാൻഡേർഡ് VIII ഉം IX ഉം മായി 6 ഡിവിഷനുകൾ നിലനിൽക്കുന്നതിനാൽ 28-10-1995 ലെ G.O.(MS)No.525/95/G.Edn പ്രകാരം ചിത്രകലയിലോ അല്ലെങ്കിൽ മ്യൂസിക്കിലോ ഏതെങ്കിലും ഒരു വിഷയത്തിൽ തസ്തിക നിലനിർത്തുകയോ പുതിയതായി അനുവദിക്കുകയോ ചെയ്യാവുന്നതാണ്. സ്റ്റാൻഡേർഡ് VIII ഉം IX മായി 4 ഡിവിഷനുകളോ അതിൽ താഴെ ആകുകയോ ചെയ്യുമ്പോൾ മാത്രമേ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXIII ചട്ടം 6(4) അനുസരിച്ച് 5 പീരീഡിൽ താഴെയാകുന്നതിനാൽ സ്പെഷ്യലിസ്റ്റ് വിഷയങ്ങളുടെ തസ്തിക നഷ്ടപ്പെടുകയുള്ളു. ഇക്കാര്യം പരിശോധിച്ച് മ്യൂസിക് തസ്തിക ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ അബോളിഷ് ചെയ്തിട്ടില്ല.

2009 ലെ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഒരു അക്കാഡമിക് വർഷത്തിന്‍്റെ ഏതു കാലഘട്ടത്തിൽ റ്റി.സി. ആവശ്യപ്പെട്ടാലും റ്റി.സി. നല്കാൻ പ്രഥമാദ്ധ്യാപകൻ ബാദ്ധ്യസ്ഥനാണ്. അപ്രകാരമാണ് റ്റി.സി. നല്കിയിട്ടുള്ളത്. റ്റി.സി. നല്കിയ കുട്ടികളെ തസ്തിക നിർണ്ണയത്തിനായി രണ്ടു സ്കൂളിലും കണക്കാക്കിയിട്ടില്ല. ഇപ്രകാരം റ്റി.സി. നല്കുന്ന കുട്ടികളെ ആദ്യ

സ്കൂളിൽ തന്നെ തസ്തിക നിർണ്ണയത്തിനായി കണക്കാക്കേണ്ടതാണ്. റ്റി.സി. നല്കിയവരാരെയും ആറാം പ്രവർത്തി ദിവസം കഴിഞ്ഞയുടെ റ്റി.സി. നല്കിയതുമല്ല. മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓടനാവട്ടം കെ.ആർ.ജി.പി.എം.വി &എച്ച്.എസ്.എസ് ലെ സ്റ്റാൻഡേർഡ് VIII ലെ ഒരു ഡിവിഷനും എച്ച്.എസ്.റ്റി. (എൻ.എസ്) തസ്തികയും അബോളിഷ് ചെയ്ത ഉത്തരവ് റദ്ദ് ചെയ്ത് 15-07-2024 ലെ 83/744751/2024 നമ്പർ പ്രകാരം കൊട്ടരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ അനുവദിച്ച് ഡിവിഷനുകളും തസ്തികകളും നിലനിർത്തി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

2. പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയും പ്രകാരം വാദിച്ചു :

കൊല്ലം ജില്ലയിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന ഓടനാവട്ടം KRGPM ഹയർ സെക്കൻഡറി സ്കൂളിൽ HS വിഭാഗത്തിൽ കുട്ടികളുടെ എണ്ണത്തിൽ ക്രമക്കേടുകൾ കാട്ടി 2024-25 വർഷം അനധികൃതമായി ഡിവിഷനുകൾ നിലനിർത്തിയിട്ടുള്ളതായും, എട്ടാം ക്ലാസ്സിലേക്ക് വ്യാപകമായതരത്തിൽ TC ഇല്ലാത്ത കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് പത്താമത്തെ ഡിവിഷൻ നിലനിർത്തിക്കൊണ്ട് DEPLOYMENT ൽ പോകേണ്ട മൂന്ന് അദ്ധ്യാപകരെ സ്കൂളിൽ നിലനിർത്തിയിട്ടുള്ളതായും പരാമർശിച്ചു കൊണ്ടും, 2024-25 അധ്യായന വർഷം ഏഴാം ക്ലാസ്സിൽ നിന്ന് പ്രമോഷനായ കുട്ടികളുടെ TC ആവശ്യപ്പെട്ടപ്പോൾ സമയബന്ധിതമായി അത് നൽകാതെ ആറാം പ്രവർത്തി ദിവസം വരെ അത്തരത്തിൽ TC നൽകാതെ ഹോൾഡ് ചെയ്ത ആറാം പ്രവർത്തി ദിനത്തിന് ശേഷംനൽകിയതായും, അത് വഴി കുട്ടികളുടെ എണ്ണത്തിൽ വ്യാപക ക്രമക്കേടുകൾ നടന്നിട്ടുള്ളതുമായ പരാതി വിഷയത്തിൽ 13.11.24, 19.12.24 എന്നീ തീയതികളിൽ ടി സ്കൂളിൽ ആകസ്മിക പരിശോധന നടത്തുകയുണ്ടായി.

ആകസ്മിക പരിശോധനയിൽ ഒന്നാം പരിശോധനാ ദിവസം 40 വിദ്യാർഥികളും, രണ്ടാം പരിശോധന ദിവസം 11 വിദ്യാർഥികളും ഹാജരായിരുന്നില്ല. രണ്ട് പരിശോധനയിലും പൊതുവായി 4 വിദ്യാർഥികൾ ഹാജരായിരുന്നില്ല. പൊതുവായി ഹാജരില്ലാത്ത വിദ്യാർഥികളുടെ വിശദാംശങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു:

| ക്ലാസ്സ് | പൊതുവായി ഹാജരില്ലാത്തവരുടെ എണ്ണം | അഡ്മിഷൻ നമ്പർ | കുട്ടിയുടെ പേര് |
|---|---|---|---|
| 5 | 0 | | |
| | | | |

| | | | |
|---|---|---|---|
| 6 | 2 | 14282<br>14291 | ആദിത്.എസ്.നായർ<br>നിതിൻ.എം |
| 7 | 0 | | |
| 8 | 1 | 14103 | സൂരജ്.യു |
| 9 | 1 | 13959 | സൂര്യ.ആർ |
| 10 | 0 | | |

ആറാംപ്രവർത്തി ദിനത്തിന് ശേഷം റ്റി.സി. നൽകിയിട്ടുള്ള വിദ്യാർഥികളുടെ പേരു വിവരങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു :

| ക്ലാസ്സ് | എണ്ണം | അഡ്മിഷൻ നമ്പർ | പേര് |
|---|---|---|---|
| 5 | 1 | 14439 | വിഷ്ണുശ്രീ |
| 6 | 1 | | ഹരിനാരായണൻ |
| 7 | 1 | 14161 | അദ്വൈത്.പി.എസ് |
| 8 | 8 | 14445<br>14085<br>14080<br>14423<br>14371<br>14372<br>14052<br>14438 | ജാബിറ.ജെ<br>ലക്ഷ്മി.ജെ.പി<br>വിനായക്.പി.ജെ<br>അഹസാന റഷീദ്<br>കീർത്തന.എ.ആർ<br>മീനാക്ഷിഅജയ്<br>ആദിത്യൻ.വി<br>ശ്രീഹരി.എസ് |

| | | | |
|---|---|---|---|
| 9 | 3 | 14346<br>14154<br>14334 | കൃഷ്ണേന്ദു.കെ<br>ആൽബിൻ- ഷൈബു<br>ആദിത്യ, എൽ.ഡി |
| 10 | 0 | | |

ആകസ്മിക പരിശോധനയിലെ ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2024-25 അദ്ധ്യയന വർഷം ഓടനാവട്ടം KRGPM ഹൈസ്കൂളിൽ ചുവടെ പ്രസ്താവിക്കും വിധം തസ്തിക പുന:നിർണ്ണയിച്ചു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി .

| ക്ലാസ്സ് | 5 | 6 | 7 | 8 | 9 | 10 | ആകെ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| ആറാം പ്രവർത്തി ദിനത്തിലെ കുട്ടികളുടെ എണ്ണം | 39 | 50 | 46 | 109 | 111 | 112 | 467 | |
| എഫക്ടീവ് സ്ട്രെങ്ങ്ത് | 38 | 50 | 45 | 107 | 111 | 112 | 463 | |
| ഒന്നാം പരിശോധനയിൽ ഹാജരില്ലാത്തവർ | 5 | 7 | 4 | 5 | 14 | 5 | 40 | |
| രണ്ടാം പരിശോധനയിൽ ഹാജരില്ലത്തവർ | 2 | 2 | 0 | 1 | 5 | 1 | 11 | |
| രണ്ട് പരിശോധനയിലും പൊതുവായി ഹാജരില്ലാത്തവർ | 1(IED) | 2 | 0 | 1 | 1+1(IED) | 1(IED) | 4 | IED കുട്ടികളെ എണ്ണത്തിൽ ഉൾപ്പെടുത്തികൊണ്ട് |
| ആറാം പ്രവർത്തി ദിനത്തിന് ശേഷം റ്റി സി നൽകിയവരുടെ എണ്ണം | 1 | 1 | 0 | 8 | 3 | 0 | 13 | |
| രണ്ട്പരിശോധനയ്ക്ക് കണക്കാക്കാവുന്ന കുട്ടികളുടെ എണ്ണം | 37 | 47 | 45 | 98 | 107 | 112 | 446 | |
| 2024-25 ലെ തസ്തിക നിർണ്ണയ | 2 | 2 | 2 | 4 | 3 | 3 | 16 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഉത്തരവിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ച് നൽകിയ തസ്തികകളുടെ എണ്ണം | | | | | | | | |
| പരിശോധനകളുടെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന ഡിവിഷനുകൾ | 2 | 2 | 2 | 3 | 3 | 3 | 15 | |
| പരിശോധനകളുടെ അടിസ്ഥാനത്തിൽ നഷ്ടപെടുന്ന ഡിവിഷനുകൾ | 0 | 0 | 0 | 1 | 0 | 0 | 1 | |

13.11.24 ന് നടത്തിയ ഒന്നാം പരിശോധനയ്ക്ക് ശേഷം ഓടനാവട്ടം KRKPM ഹൈസ്കൂളിലെ 2024-25ലെ തസ്തിക നിർണ്ണയം സംബന്ധിച്ച വിഷയം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലിരിക്കെ ആയത് പുന:നിർണ്ണയിച്ച് കൊണ്ട് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ 12.12.2024 തീയതിയിൽ ഉത്തരവ് നം. B3/744751/2024 പുറപ്പെടുവിക്കുകയും അത് പ്രകാരം എട്ടാം ക്ലാസ്സിൽ ഒരു ഡിവിഷൻ കുറയുന്നതായും അതിനനുസൃതമായി HST(NS), HST(Hindi), Music എന്നീ തസ്തികകൾ നഷ്ട്ടപ്പെടുന്നതായും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിവൈസ് ചെയ്തിട്ടുള്ള ഉത്തരവിൽ പരാമർശിക്കുന്നു. തസ്തിക പുന:നിർണ്ണയിക്കുന്നതിന് മുന്നോടിയായി സ്കൂൾ പ്രധമാധ്യാപകൻ, തസ്തിക നഷ്ടം സംഭവിക്കുന്ന അദ്ധ്യാപകർ എന്നിവരെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിൽ കേട്ടതായും, എന്നാൽ പ്രസ്തുത നേർകാഴ്ചയിൽ ആറാം പ്രവർത്തി ദിനത്തിന് ശേഷം കുട്ടികൾക്ക് റ്റി.സി. നൽകിയതായ വിവരം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അറിയിക്കാതിരുന്നത് അറിവില്ലായ്മ മൂലമാണെന്ന ബന്ധപ്പെട്ട കക്ഷികളുടെ വാദം അംഗീകരിക്കുവാൻ കഴിയില്ല എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവിൽ വ്യക്തമാക്കുന്നു.

ഇപ്രകാരം ഡിവിഷനുകൾ പുനഃനിർണ്ണയിക്കുമ്പോൾ 8 ാം ക്ലാസ്സിൽ ഒരു ഡിവിഷൻ കുറവ് വരുന്നതാണ്. വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ വിഷയത്തിൽ നടത്തിയ നേർകാഴ്ചയിൽ മാനേജർ ഉന്നയിച്ച വാദങ്ങൾ വിശദമായി പരിശോധിച്ചു. അത് പ്രകാരം ഓടനാവട്ടം കെ.ആർ.ജി.പി.എം ഹൈസ്കൂളിലെ എട്ടാം ക്ലാസിൽ നിലവിലുള്ള ഒരു ഡിവിഷൻ കുറച്ച് കൊണ്ടും, അതിനനുസൃതമായി എച്.എസ്.റ്റി (NS) തസ്തികയും, നിലവിൽ അനുവദിച്ചിട്ടുള്ള രണ്ട് എച്ച്.എസ്.റ്റി ഹിന്ദി തസ്തികകളിൽ ഒരു തസ്തിക ഹിന്ദി (എൽ.ജി) ആയിട്ട് പുന:ക്രമീകരിച്ച് കൊണ്ടും കെ.ഇ.ആർ അദ്ധ്യായം 23 റൂൾ 12 ഇ (3) നോട് റൂൾ 16 ചേർത്ത് വായിച്ചതിൻ

പ്രകാരമുള്ള അധികാരം വിനിയോഗിച്ച് കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്.

ഇപ്രകാരം ഡിവിഷനുകൾ പുനഃനിർണ്ണയിക്കുമ്പോൾ 8 ാം ക്ലാസ്സിൽ ഒരു ഡിവിഷൻ കുറവ് വരുന്നതാണ്. വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ വിഷയത്തിൽ നടത്തിയ നേർകാഴ്ചയിൽ മാനേജർ ഉന്നയിച്ച വാദങ്ങൾ വിശദമായി പരിശോധിച്ചു.അത് പ്രകാരം ഓടനാവട്ടം കെ.ആർ.ജി.പി.എം ഹൈസ്കൂളിലെ എട്ടാം ക്ലാസിൽ നിലവിലുള്ള ഒരു ഡിവിഷൻ കുറച്ച് കൊണ്ടും, അതിനനുസൃതമായി എച്.എസ്.റ്റി.(NS) തസ്തികയും, നിലവിൽ അനുവദിച്ചിട്ടുള്ള രണ്ട് എച്ച്.എസ്.റ്റി ഹിന്ദി തസ്തികകളിൽ ഒരു തസ്തിക ഹിന്ദി (എൽ.ജി) ആയിട്ട് പുന:ക്രമീകരിച്ച് കൊണ്ടും കെ.ഇ.ആർ അദ്ധ്യായം 23 റൂൾ 12 ഇ (3) നോട് റൂൾ 16 ചേർത്ത് വായിച്ചതിൻ പ്രകാരമുള്ള അധികാരം വിനിയോഗിച്ച് കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ കൃത്രിമ രേഖകളുടെ പിൻബലത്തിൽ വ്യാജ അഡ്മിഷൻ നടത്തി ഡിവിഷനും, തസ്തികകളും സൃഷ്ടിച്ചത് വഴി വിദ്യാർഥികൾക്ക് അനുവദിക്കപ്പെട്ട സൗജന്യ പാഠപുസ്തകങ്ങൾ യൂണിഫോം,ഉച്ചഭക്ഷണചിലവ്, അദ്ധ്യാപകരുടെ ശമ്പളം എന്നീ ഇനങ്ങളിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ട്. ഇത് പ്രധാനാധ്യാപകന്റെയും, വ്യാജ അഡ്മിഷൻ റോളിൽ തുടരുന്നതിന് സഹായിച്ച ക്ലാസ്സ് ചുമതലയുള്ള അദ്ധ്യാപകരുടെയും ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനും, സർക്കാർ നയത്തിനും പൊതു വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനായി അതത് കാലങ്ങളിൽ സ്വീകരിക്കുവാൻ നൽകിയിട്ടുള്ള നിർദേശങ്ങൾക്ക് വിരുദ്ധമായി സ്കൂളുകളിൽ കൃത്രിമ അഡ്മിഷൻ മുഖേനെ അനധികൃതമായി ഡിവിഷനും,തസ്തികയും സൃഷ്ടിച്ച് കൊണ്ട് സർക്കാരിന് സാമ്പത്തിക ബാധ്യത വരുത്തിയിട്ടുള്ളവർക്കെതിരെ 1958 ലെ കേരള വിദ്യാഭ്യാസ ചട്ടം അനുശാസിക്കും വിധം അച്ചടക്ക നടപടി ഉൾപ്പെടെ സ്വീകരിച്ച് കൊണ്ട് സർക്കാരിന് വന്നിട്ടുള്ള അധിക സാമ്പത്തിക ബാധ്യത തിരിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദേശം നല്കിയിട്ടുള്ളതാണ്.

3.സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള ഓടനാവട്ടം KRGPMHS ലെ 2024-25 വർഷത്തെ തസ്തിക നിർണയത്തിൽ ക്രമക്കേട് കാട്ടി 2024-25 വർഷം ഡിവിഷനുകൾ നിലനിർത്തി ഫിക്സേഷൻ സമ്പാദിച്ചിരിക്കുന്നു എന്ന് സി.എം.ഒ. പോർട്ടൽ വഴി

ലഭിച്ച പരാതിയിൽ നടത്തിയ പരിശോധനയിൽ ആറാം അധ്യയന ദിവസത്തിനു ശേഷം 14 കുട്ടികൾ വിവിധ ക്ലാസുകളിൽ നിന്ന് ടി.സി. വാങ്ങിപ്പോയതായി കണ്ടെത്തി.

13.11.2024, 19.12.2024 എന്നീ തീയതികളിൽ ഈ സ്കൂളിൽ നടത്തിയ ആകസ്മിക പരിശോധനയിൽ ഒന്നാം പരിശോധനാദിവസം 40 വിദ്യാർത്ഥികളും രണ്ടാം പരിശോധനാദിവസം 16 വിദ്യാർത്ഥികളും ഹാജരായിരുന്നില്ല. രണ്ട് പരിശോധനകളിലും പൊതുവായി നാല് വിദ്യാർത്ഥികൾ ഹാരായിരുന്നില്ല. സ്റ്റാൻഡേർഡ് എട്ടിലെ രണ്ട് വിസിറ്റിംഗിലും ഹാജരാകാതിരുന്ന ഒരു കുട്ടിയും ആറാം അധ്യായത്തിന് ശേഷം ടി.സി. വാങ്ങിപ്പോയ ഏഴ് കുട്ടികളെയും കുറവ് വരുത്തി ഒരു ഡിവിഷനും എച്ച്.എസ്.ടി.(എൻ.എസ്) തസ്തികയും കുറവ് വരുത്തിയും ക്രമീകരിച്ച് സൂപ്പർ ചെക്ക് ഓഫീസറുടെ അടിസ്ഥാനത്തിൽ ഉത്തരവായിരുന്നു.

4.സൂപ്പർ ചെക്ക് ഓഫീസറുടെ രണ്ടു ദിവസത്തെ പരിശോധനയിലും ഹാജരാകാതിരുന്ന സ്റ്റാൻഡേർഡ് എട്ടിലെ സൂരജ് എന്ന കുട്ടി സൂപ്പർ ചെക്ക് വെരിഫിക്കേഷനു ശേഷവും റെഗുലറായി ഹാജരായിരുന്നു എന്നും പിന്നീട് അച്ഛന്റെ മരണത്തെത്തുടർന്ന് ടി.സി. വാങ്ങി പോവുകയാണ് ഉണ്ടായത് എന്നുമാണ് ഹർജിക്കാരുടെ വാദം. ആറാം പ്രവർത്തി ദിനത്തിന് ശേഷമാണ് എട്ടു കുട്ടികൾ (എട്ടാം ക്ലാസിലെ) ആയതിനാലാണ് അവർക്ക് ടി.സി. നൽകിയതെന്നും ആയതിൽ ക്രമക്കേട് ഇല്ലെന്നുമാണ് പ്രധാനാധ്യാപകനും മാനേജരും വാദിക്കുന്നത്. ആയതിനാൽ ഓടനാവട്ടം കെ.ആർ.ജി.പി.എം. എച്ച്.എസ്.എസ്.-ൽ ഒരു ഡിവിഷനും എച്ച്.എസ്.ടി.(എൻ.എസ്) തസ്തികയും കുറവ് ചെയ്ത ഉത്തരവ് റദ്ദ് ചെയ്ത് മുൻപ് അനുവദിച്ചിരുന്ന ഡിവിഷനുകളും തസ്തികളും നിലനിർത്തണമെന്നാണ് ഹർജിക്കാരുടെ വാദം. കുട്ടികൾ ടി.സി. വാങ്ങിപ്പോകുന്ന സാഹചര്യത്തിൽ കൃത്രിമ അഡ്മിഷൻ നടന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടാൽ തസ്തിക നിർണയം പുനർനിർണ്ണയം നടത്തേണ്ടതില്ല. എന്നാൽ ഇവിടെ സന്ദർശന വേളയിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് സൂപ്പർ ചെക്ക് വിഭാഗം ഡിവിഷനുകൾ കുറവ് വരുത്തി തസ്തിക പുനർനിർണയം നടത്തിയത്. മാത്രമല്ല ഈ സ്കൂളിൽ കൃത്രിമ മാർഗത്തിലൂടെ ഡിവിഷനുകൾ നേടിയെടുത്തു എന്ന മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് ഈ പരിശോധനകൾ നടന്നത് എന്നത് ഗൗരവപൂർവ്വം കാണേണ്ടതാണ്.

5.ഈ സാഹചര്യത്തിൽ കൃത്രിമ രേഖകളുടെ പിൻബലത്തിൽ വ്യാജ അഡ്മിഷൻ നടത്തി ഡിവിഷനുകളും തസ്തികളും സൃഷ്ടിച്ചത് വഴി വിദ്യാർത്ഥികൾക്ക് അനുവദിക്കപ്പെട്ട സൗജന്യ പാഠപുസ്തകങ്ങൾ, യൂണിഫോം, ഉച്ചഭക്ഷണം, ചിലവ്, അധ്യാപകരുടെ ശമ്പളം എന്നീ

ഇനങ്ങളിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കിയ പ്രഥമാധ്യാപകന്റെയും വ്യാജ അഡ്മിഷൻ റോളിൽ തുടരുന്നതിന് സഹായിച്ച ക്ലാസ് ചുമതലയുള്ള അധ്യാപകരുടെയും ബാധ്യത കണക്കാക്കി 1958ലെ കേരള വിദ്യാഭ്യാസ ചട്ടം അനുശാസിക്കുന്ന വിധം അച്ചടക്കനടപടി സ്വീകരിച്ച പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി അംഗീകരിച്ച് ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

പ്രഥമാധ്യാപകൻ, കെ.ആർ.ജി.പി.എം. വി &എച്ച് എസ് എസ്, ഓടനാവട്ടം കൊല്ലം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 27-04-2026 15:10:01

സെക്ഷൻ ഓഫീസർ